**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - മഞ്ചേരി നഗരസഭ - വാർഡ് 28-ലെ പുല്ലഞ്ചേരി കുടിവെള്ള പദ്ധതിയ്ക്ക് മോട്ടോറും അനുബന്ധസാധനങ്ങളും വാങ്ങുന്നതിന് ടി നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാരണ) നം. **1815**/2012/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 30.06.2012.

പരാമർശം:- 1) മഞ്ചേരി നഗരസഭാ സെക്രട്ടറിയുടെ 29.05.2012-ലെ ഇ2-6947/11 നമ്പർ കത്ത്.

**ഉത്തരവ്**

മഞ്ചേരി നഗരസഭയിലെ 28-ാം വാർഡിലെ വേട്ടേക്കോട് പുല്ലഞ്ചേരിയിൽ 1998-ൽ നഗരസഭ നിർമ്മിച്ച പുല്ലഞ്ചേരി കുടിവെള്ള പദ്ധതിയുടെ മോട്ടോർ കാലപ്പഴക്കം കാരണം കേടായ സാഹചര്യത്തിൽ ടി മോട്ടോറും അനുബന്ധ സാമഗ്രികളും മാറ്റിവയ്ക്കുന്നതിലേയ്ക്കായി 1,16,000/ (ഒരു ലക്ഷത്തി പതിനാറായിരം രൂപ മാത്രം) ടി നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകണമെന്ന് മേൽ പരാമർശ പ്രകാരം മഞ്ചേരി മുനിസിപ്പൽ സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മഞ്ചേരി നഗരസഭയിലെ 28-ാം വാർഡിലെ പുല്ലഞ്ചേരി കുടിവെള്ള പദ്ധതിയുടെ കേടായ മോട്ടോറും അനുബന്ധ സാമഗ്രികളും മാറ്റി സ്ഥാപിക്കുന്നതിന് ടി നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും **1,16,000/- രൂപ (ഒരു ലക്ഷത്തി പതിനാറായിരം രൂപ മാത്രം)** ടി പദ്ധതിയുടെ തുടർ ചെലവുകൾ ഗുണഭോക്തൃ സമിതി തന്നെ വഹിക്കേണ്ടതാണ് എന്ന നിബന്ധനയിൻ കീഴിൽ ചെലവഴിക്കുന്നതിന് ടി നഗരസഭക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.വേണുഗോപാലൻ നായർ,
അണ്ടർ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, മഞ്ചേരി നഗരസഭ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ&എ), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
റീജിയണൽ പെർഫോമൻസ് ആഡിറ്റ് ആഫീസർ, കോഴിക്കോട് റീജിയൺ, കോഴിക്കോട്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
**(വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)**
സ്റ്റോക്ക് ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ